# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തുടങ്ങിയവയിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള യോഗ്യതയായി സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് കോഴ്സ് സർട്ടിഫിക്കറ്റ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ. (കൈ) നം. 12/2017/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി: 08/05/2017

---

പരാമർശം:-
1) 26.05.2012-ലെ സ.ഉ. (എം.എസ്) നം. 25/2012/ഉ.ഭ.പ.വ.
2) 22.06.2012-ലെ സ.ഉ. (എം.എസ്) നം. 29/2012/ഉ.ഭ.പ.വ.
3) 11.07.2012-ലെ സ.ഉ. (എം.എസ്) നം. 35/2012/ഉ.ഭ.പ.വ.
4) 16.07.2012-ലെ സ.ഉ. (എം.എസ്) നം. 37/2012/ഉ.ഭ.പ.വ.
5) സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഡയറക്ടറുടെ 01.08.2012, 03.02.2017 തീയതികളിലെ 436/എസ്.ആർ.സി/2012 നമ്പർ കത്തുകൾ.
6) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 18.02.2013-ലെ സി4/8847/2012 നമ്പർ കത്ത്.

## ഉത്തരവ്

സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തുടങ്ങിയവയിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള യോഗ്യതയായി ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., റൂട്രോണിക്സ്, സി-ഡിറ്റ്, സി-ഡാക്, സി-ആപ്റ്റ്, കെൽട്രോൺ എന്നിവ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് കോഴ്സ് പരാമർശിത ഉത്തരവുകൾ പ്രകാരം അംഗീകരിച്ചിരുന്നു.

2) സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് കോഴ്സ് കൂടി സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തുടങ്ങിയവയിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള യോഗ്യതയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഡയറക്ടർ പരാമർശം (5) മുഖേന അപേക്ഷിച്ചിരുന്നു. സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് കോഴ്സ് സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഇടങ്ങിയവയിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള യോഗ്യതയായി അംഗീകരിക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3) മേൽസാഹചര്യത്തിൽ, സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഇടങ്ങിയവയിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള യോഗ്യതയായി സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് കോഴ്സ് സർട്ടിഫിക്കറ്റ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

**സത്യജീത് രാജൻ**,
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ (കേരളം), എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം, തിരുവനന്തപുരം.
കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും.
പൊതുവിദ്യാഭ്യാസ (പി) വകുപ്പ്.
ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി).
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.